(ബി) പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന 7 ശതമാനം പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പകൾ വിതരണം നടത്തിവരുന്നു. കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പരമാവധി 5 ശതമാനം പലിശയിളവ് നൽകുകയും ടി തുക സംഘങ്ങൾക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്യുന്നു. അതോടൊപ്പം കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകുന്ന പരമാവധി 3 ശതമാനം പലിശയിളവ് കൂടി ഉൾപ്പെടുത്തി ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിത വായ്പയായി നൽകിവരുന്നു.

കൂടാതെ, നെൽകൃഷിക്ക് മുഴുവൻ പലിശയും സർക്കാർ റീ-ഇംപേഴ്സ് ചെയ്ത് സംഘത്തിന് നൽകുന്നതിനാൽ നെൽകൃഷിക്കുള്ള വായ്പകളും പൂർണ്ണമായും പലിശരഹിതമായിട്ടാണ് നൽകുന്നത്. കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പരമാവധി കാർഷിക വായ്പകൾ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വന്തം ജാമ്യത്തിലും വസ്തുക്കളുടെ ജാമ്യത്തിലും സ്വർണ്ണ ഉരുപ്പടികളുടെ ഈടിന്മേലും ഹ്രസ്വകാല കാർഷിക വായ്പകൾ നൽകി വരുന്നുണ്ട്. പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴി ദീർഘകാല കാർഷിക വായ്പകളും കർഷകർക്ക് അനുവദിച്ചുവരുന്നുണ്ട്.

## നബാർഡിന്റെ ഹ്രസ്വകാല കാർഷിക വായ്പകൾ

183 (550) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുവർഷക്കാലം നബാർഡിൽ നിന്നും കർഷകർക്ക് ഹ്രസ്വകാല കാർഷിക വായ്പകൾ നൽകുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ച വായ്പ തുക വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) നബാർഡിന്റെ സഹായത്തോടെ ഡയറി ഡെവലപ്മെന്റ് ഹോർട്ടികൾച്ചർ മേഖലയിൽ കാർഷികേതര വായ്പ എന്ന നിലയിൽ സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ച വായ്പ തുകയും ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭിച്ച വായ്പാതുകയും എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത രംഗത്ത് റീ-ഫിനാൻസിലൂടെ എത്ര പദ്ധതികൾ സംസ്ഥാനത്താകെ നടപ്പാക്കിയെന്നും തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച പദ്ധതികളുടെ വിശദവിവരവും ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിന് നബാർഡിൽനിന്നും 2011-12 മുതൽ 2014-15 വരെ ലഭിച്ച ഹ്രസ്വകാല കാർഷിക വായ്പയുടെ വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2011-12 | - | 500 കോടി രൂപ |
| 2012-13 | - | 928 കോടി രൂപ |
| 2014-15 | - | 1277 കോടി രൂപ |

2013-14 വർഷത്തിൽ നബാർഡിൽനിന്നും സംസ്ഥാന സഹകരണ ബാങ്കിന് പുനർവായ്പ ലഭിച്ചിട്ടില്ല.

(ബി) നബാർഡിന്റെ സഹായത്തോടെ ഡയറി ഡെവലപ്മെന്റ് ഹോർട്ടികൾച്ചർ മേഖലയിൽ കാർഷികേതര വായ്പ ഇനത്തിൽ സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും വായ്പ ഇനത്തിൽ തുക ലഭിച്ചിട്ടില്ല.

(സി) ഡയറി ഡെവലപ്മെന്റ് ഹോർട്ടികൾച്ചർ മേഖലയിൽ കാർഷികേതര വായ്പ എന്ന നിലയിൽ റീ-ഫിനാൻസിലൂടെ തിരുവനന്തപുരം ജില്ലയിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

## കൺസ്യൂമർഫെഡ് മൊബൈൽ യൂണിറ്റ്

184 (551) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിന്റെ വിപണന മൊബൈൽ യൂണിറ്റ് നാട്ടിക നിയോജക മണ്ഡലത്തിൽ ഇപ്പോൾ പ്രവർത്തനക്ഷമമാണോ ; ആണെങ്കിൽ മൊബൈൽ യൂണിറ്റ് സഞ്ചരിക്കുന്ന റൂട്ട് മാപ്പ് തയ്യാറാക്കിയതെങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനക്ഷമത പരിശോധിക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത് ?

ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ വിപണന മൊബൈൽ യൂണിറ്റ് നാട്ടിക നിയോജക മണ്ഡലത്തിൽ ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

(ബി) മൊബൈൽ ത്രിവേണി യൂണിറ്റുകളുടെ പ്രവർത്തനക്ഷമത ഉറപ്പു വരുത്തുന്നതിനായി റീജിയണൽ തലത്തിൽ വെഹിക്കിൾ കോ-ഓർഡിനേറ്ററെയും റീജിയണൽ ഓഫീസിൽ മോണിറ്ററിംഗ് വിഭാഗത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.